## പതിനാലാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3597 | 11.12.2018 ലെ മറുപടിക്ക്

### നിർമ്മാണ പ്രവർത്തനങ്ങളുടെ സുരക്ഷാപാളിച്ചകൾ

ചോദ്യം

ശ്രീ.വി.ഡി.സതീശൻ

(എ) ആവശ്യമായ സുരക്ഷാ സംവിധാനം ഒരുക്കാതെ സംസ്ഥാനത്ത് പല ഭാഗത്തും ഫ്ലാറ്റുകളുടെയും ഉയർന്ന കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങളുടെ സുരക്ഷാപാളിച്ചകൾ ഒഴിവാക്കുവാനും ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ സുരക്ഷിതത്വം ഉറപ്പാക്കുവാനും നടപടി സ്വീകരിക്കുമോ?

മറുപടി

ശ്രീ.എ.സി.മൊയ്തീൻ
(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി)

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല; കെട്ടിടങ്ങളുടെ നിർമ്മാണവും നിർമ്മാണ സമയത്തെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7(11)(എഫ്), 116(3)(ii), 116(3)(iii) എന്നിവ പ്രകാരവും, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20(6), 20(7), 20(8), 120 എ(3)ii, 120 എ(3)(iii) എന്നിവ പ്രകാരവും, കെട്ടിട ഉടമകളും, ലൈസൻസ്ഡ് എഞ്ചിനീയർമാരും സുരക്ഷാസംവിധാനം ഒരുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനു വിരുദ്ധമായി നിർമ്മാണം നടത്തുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം നിയമപരമായി കെട്ടിട നിർമ്മാണ ലൈസൻസ് റദ്ദു ചെയ്യുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളുന്നതാണ്. തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള ഹെൽത്ത് & സേഫ്റ്റി മാനവൽ പ്രകാരം തൊഴിലാളികളുടെ സേഫ്റ്റി ഉറപ്പു വരുത്തുന്നതിനും നിയമമുണ്ട്.

സെക്ഷൻ ഓഫീസർ